# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.653** **29.11.2018-ൽ മറുപടിക്ക്**

## ഊർജ്ജിത ഊർജ്ജ വികസന പദ്ധതി

| | ചോദ്യം<br>ശ്രീ. സി.എഫ്.തോമസ് : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ചങ്ങനാശ്ശേരി നഗരത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച ഊർജ്ജിത ഊർജ്ജ വികസന പദ്ധതി അനുസരിച്ച് ഏതൊക്കെ ജോലിക ളാണ് ഇതുവരെ പൂർത്തീകരിച്ചത്; | (എ) | ചങ്ങനാശ്ശേരി നഗരത്തിൽ ഊർജ്ജിത ഊർജ്ജ വികസന പദ്ധതി അനുസരിച്ച് താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു<br>(1) 11 കെ.വി ലൈൻ : 42.4 കി. മീറ്റർ<br>(2) 11 കെ.വി ഭൂഗർഭ കേബിൾ സ്ഥാപിക്കൽ : 9.22 കി. മീറ്റർ<br>(3) വിതരണ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ : 39 എണ്ണം.<br>(4) വിതരണ ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ : 12 എണ്ണം.<br>(5) പഴയ 11 കെ.വി ലൈനുകളുടെ കമ്പികൾ മാറ്റി പുതിയ കമ്പികൾ വലിച്ചത് : 22.07 കി. മീറ്റർ<br>(6) പഴയ എൽ.റ്റി ലൈനുകളുടെ കമ്പികൾ മാറ്റി പുതിയ കമ്പികൾ സ്ഥാപിച്ചത്: 119.62 കി. മീറ്റർ<br>(7) പഴയ എൽ.റ്റി സിങ്കിൾഫേസ് ലൈനുകൾ 3 ഫേസ് ലൈനുകളാക്കി മാറ്റിയത്:55.29 കി.മീറ്റർ<br>(8) പുതിയ മീറ്ററുകൾ സ്ഥാപിച്ചത്:<br>(1) സിങ്കിൾ ഫേസ് മീറ്ററുകൾ : 9949 എണ്ണം.<br>(2) 3 ഫേസ് മീറ്ററുകൾ : 1325 എണ്ണം<br>(9) ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെ നവീകരണം : 67 എണ്ണം.<br>(10) ട്രാൻസ്ഫോർമറുകൾക്ക് മീറ്ററിംഗ് സംവിധാനം സ്ഥാപിച്ചത് : 168 എണ്ണം.<br>(11) ഉപഭോക്താക്കളുടെ എനർജി മീറ്ററുകൾ റീഡിംഗ് സൗകര്യത്തിനായി പുറത്തേക്ക് മാറ്റി വച്ചത് : 3200 എണ്ണം.<br>(12) ഓട്ടോമാറ്റിക്ക് സ്ട്രീറ്റ് ലൈറ്റ് കൺട്രോളറു കൾ സ്ഥാപിച്ചത് : 250 എണ്ണം. |

| | | | |
|---|---|---|---|
| | | | (13) എൽ.റ്റി (എ.ബി.സി) ലൈനുകൾ സ്ഥാപിച്ചത് : 24.50 കി. മീറ്റർ.<br>(14) 11 കെ.വി (എ.ബി.സി) ലൈനുകൾ സ്ഥാപിച്ചത് : 13.90 കി. മീറ്റർ.<br><br>RAPDRP (Part A-IT) യുടെ ഭാഗമായി താഴെ പറയുന്ന പ്രവർത്തികൾകൂടി നടപ്പിലാക്കി.<br>(1) വിവര സാങ്കേതിക വിദ്യ ശൃംഖല സ്ഥാപിക്കൽ.<br>(2) ഡാറ്റാ സെന്റർ, ഡിസാസ്റ്റർ റിക്കവറി സെന്റർ, കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം (കസ്റ്റമർകെയർ സെന്റർ) എന്നിവയുമായി ഈ ശൃംഖലയെ ബന്ധിപ്പിക്കൽ.<br>(3) ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സം സംബന്ധിച്ചതോ അല്ലാത്തതോ ആയ പരാതികൾ അറിയിക്കുന്നതിനുള്ള 1912 എന്ന ടോൾ ഫ്രീ സംവിധാനം.<br>(4) ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ ഓൺ ലൈനായി അടയ്ക്കുന്നതിനും പരാതി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സംവിധാനം.<br>(5) വിതരണശൃംഖലയിലെ ആസ്തികൾ ഉൾപ്പെടുത്തി യുള്ള ജി.ഐ.എസ് സംവിധാനം.<br>(6) 11 കെ.വി ഫീഡർ തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും ഊർജ്ജ ഓഡിറ്റിംഗിനുള്ള സംവിധാനം. |
| (ബി) | ഇനി പൂർത്തിയാകേണ്ട ജോലികൾ ഏതൊക്കെയാണ്; | (ബി) | ഊർജ്ജിത ഊർജ്ജ വികസന പദ്ധതിയുടെ ഭാഗമായി വിവര സാങ്കേതിക പദ്ധതി ഉൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു. എന്നാൽ പുതിയതായി നിർമ്മിച്ച ലൈനുകളിൽ താഴെപറയുന്നവയുടെ എനർജൈസേഷൻ പൂർത്തീകരിക്കേണ്ടതാ യിട്ടുണ്ട്.<br>(1) 11 കെ.വി ലൈൻ : 4.4 കി. മീറ്റർ<br>(2) 11 കെ.വി ഭൂഗർഭ കേബിൾ : 1.72 കി. മീറ്റർ<br>(3) 11 കെ. വി എ.ബി.സി ലൈൻ : 6.9 കി. മീറ്റർ<br>(4) എൽ.റ്റി, എ.ബി.സി ലൈൻ : 11.5 കി. മീറ്റർ |

| | | | |
|---|---|---|---|
| (സി) | എന്നത്തേക്ക് ഈ പദ്ധതി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (സി) | ഊർജ്ജിത ഊർജ്ജ വികസന പദ്ധതി പാർട്ട്-എ യുടെ ഭാഗമായിട്ടുള്ള വിവര സാങ്കേതിക പദ്ധതി സംബന്ധിച്ച എല്ലാ ജോലികളും പൂർത്തിയായി ക്കഴിഞ്ഞു. ലൈൻ എനർജൈസേഷൻ പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കു ന്നതാണ്. |
| (ഡി) | ഇതുവരെ പൂർത്തീകരിച്ച ജോലികൾ കൊണ്ട് എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾകൊണ്ട് ലഭിച്ച നേട്ടങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br>(1) പ്രസരണ വിതരണ നഷ്ടം കുറക്കുവാൻ സാധിച്ചു.<br>(2) ഗുണമേന്മയുള്ള വൈദ്യുതി വിതരണം ചെയ്യാൻ സാധിച്ചു.<br>(3) വിവിധ സബ് സ്റ്റേഷനുകളിൽനിന്നും 'ബാക്ക് ഫീഡിംഗ്' സംവിധാനം ഏർപ്പെടുത്താൻ സാധിച്ചു.<br><br>പൂർത്തീകരിച്ച RAPDRP (Part A-IT) പദ്ധതികൾ കൊണ്ട് ചുവടെ ചേർത്തിട്ടുള്ള നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.<br>(1) ഊർജ്ജിത ഊർജ്ജ വികസന പദ്ധതി പാർട്ട്-എ യുടെ ഭാഗമായിട്ടുള്ള ഐ.ടി പദ്ധതികൾ മുഖേന വിതരണ മേഖലയുടെ സമഗ്രമായ കമ്പ്യൂട്ടർ വൽക്കരണം നടന്നു.<br>(2) തൽഫലമായി ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ ഓൺലൈനായോ, ഏതെങ്കിലും സെക്ഷൻ ആഫീസിലോ, മൊബൈൽ ആപ്പ് വഴിയോ, അടക്കാൻ കഴിയുന്നു.<br>(3) വൈദ്യുതി തടസ്സം സംബന്ധിച്ചതോ അല്ലാത്തതോ ആയ പരാതികൾ 1912 എന്ന ടോൾ ഫ്രീ സംവിധാനം മുഖേന ഉപഭോക്താക്കൾക്ക് കസ്റ്റമർകെയർ സെന്ററിൽ അറിയിക്കാൻ കഴിയുന്നു.<br>(4) വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് ഊർജ്ജ ഓഡിറ്റിംഗ് മുഖേന വിതരണ മേഖലയിലെ പ്രസരണ-വിതരണ നഷ്ടം (AT & C loss) 15% - ൽ താഴെ കുറയ്ക്കുവാൻ ശ്രമിച്ചു വരുന്നു. |

Hemalatha

സെക്ഷൻ ഓഫീസർ